**OM SRIGURAVE NAMA !**

Swami Guruprasad
Mob : 9847550252
Website : www.bhaktashramam.org
titled "21st CENTURY PRESCRIPTION FOR WORLD PEACE"
(REAL SOLUTION FOR CLIMATE CHANGE)

SriGuru Maharshi Shanmughadasar
(Founder of Bhaktasramam 1958 May 1)

Bhaktashramam Trust
( Reg No.169/IV/2003 )
H.O. N.Paravoor., Pin 683 513
Ernakulam District, Kerala State

**FORMED FOR A BETTER WORLD DESTROYING DANGEROUS EVIL POWERS OF KALIYUGA**

Ref: Grievance Registration No. PRSEC / E /2009/ 11179/dtd 26.11.2009 of
President Secretariat Helpline.

# വേദസമ്മത വിവാഹപൊരുത്തം

(കലിയുഗപുരുഷൻ പ്രജാപതി തപോനിധി ശ്രീഗുരുമഹർഷി ഷൺമുഖദാസരുടെ ശിഷ്യൻ
ശ്രീമഹാഭക്തയോഗി സ്വാമി ഗുരുപ്രസാദ് )

മനുഷ്യാ! നീ എല്ലാവരേക്കായിലും ഉൽക്കൃഷ്ടനാകുന്നു. നീ നിന്നെ അറിയുക!
ശ്രീഗുരുവിന്റെ 18 തത്വമഹാവാക്യങ്ങളിൽ 1-ാം തത്വ മഹാവാക്യം

1. കുലം, ധനം, ധാന്യം, പശു, ആട്, ആന, കുതിര, രാജ്യം, സ്ത്രീ മുതലായവയെല്ലാം എത്ര സമൃദ്ധമായുണ്ടെങ്കിലും താഴെ പറയുന്ന പത്തുകുലങ്ങളുമായുള്ള വിവാഹബന്ധം വർജ്ജിക്കണം.

(പുറം 134, മൂന്നാം സമുല്ലാസം, സത്യാർത്ഥപ്രകാശം - മഹർഷി ദയാനന്ദസരസ്വതി)

1. സൽക്കർമ്മങ്ങൾ ചെയ്യാത്തത്, 2. സത്പുരുഷന്മാരില്ലാത്തത്, 3. വേദാദ്ധ്യയനത്തിൽ വൈമുഖ്യമുള്ളത്, 4. ഉടലിൽ നീണ്ടരോമങ്ങളുള്ളവരുള്ളത്, 5. അർശസ്സ്, 6. ക്ഷയം, 7. കാസശ്വാസങ്ങൾ, 8. അഗ്നിമാന്ദ്യം, 9. അപസ്മാരം, 10.പാണ്ട്, കുഷ്ഠം എന്നീ രോഗങ്ങളുള്ളത്.

വൈകല്യവും വൈരൂപ്യവുമില്ലാത്ത അംഗങ്ങളുള്ള, യശോദാ സുഖദാ മുതലായ മധുരനാമങ്ങളുള്ള, ഹംസത്തിന്റേയോ, പിടിയാനയുടേയോപോലെ നടപ്പുള്ള സൂക്ഷ്മങ്ങളായ രോമങ്ങൾ, തലമുടി, പല്ലുകൾ എന്നിവയുള്ള കോമളങ്ങളായ അംഗങ്ങളോടുകൂടിയ കന്യകയെയാണ് വിവാഹം ചെയ്യേണ്ടത്.

2. വിവാഹത്തിന് ഏറ്റവും നല്ലകാലം ഏതാണ്? ഏറ്റവും നല്ലരീതി ഏതാണ്?

16 മുതൽ 25 വരെ കന്യകയ്ക്കും 25 മുതൽ 48 വരെ പുരുഷനും വിവാഹപ്രായമാണ്. എങ്കിലും 16-ാം വയസ്സിൽ സ്ത്രീയും 25-ാം വയസ്സിൽ പുരുഷനും വിവാഹം ചെയ്യുന്നത് അധമമാണ്. 18 അല്ലെങ്കിൽ 20 വയസ്സിൽ സ്ത്രീയും 32 അഥവാ 40 വയസ്സിൽ പുരുഷനും വിവാഹം ചെയ്യുന്നത് മദ്ധ്യമമാകുന്നു. 24 വയസ്സു തികഞ്ഞ സ്ത്രീയും 48 വയസ്സുതികഞ്ഞ പുരുഷനും തമ്മിൽ വിവാഹം ചെയ്യുന്നതാണ് ഉത്തമം. ഇപ്രകാരം ശ്രേഷ്ഠമായ വിവാഹനിയമവും ബ്രഹ്മചര്യത്തോടുകൂടിയ വിദ്യാഭ്യാസവും നന്നായി പ്രചരിക്കുന്ന ദേശമാണ് സുഖസമ്പൂർണ്ണമായി ഭവിക്കുന്നത്. ബ്രഹ്മചര്യനിഷ്ഠമായ വിദ്യാഭ്യാസമില്ലാതെ ബാല്യകാലവും അയോഗ്യർ തമ്മിലുള്ള വിവാഹവും നടപ്പുള്ള രാജ്യം ദുഃഖത്തിൽ മുഴുകുന്നു. എന്തെന്നാൽ ബ്രഹ്മചര്യനിഷ്ഠമായ വിദ്യാഭ്യാസം, വിവാഹസമ്പ്രദായം എന്നിവ പരിഷ്ക്കരിച്ചാൽ എല്ലാം നന്നാകും. ഇവ രണ്ടും ദുഷിച്ചാൽ എല്ലാം ദുഷിക്കും.

3. വിവാഹം അച്ഛനമ്മമാരുടെ ഇഷ്ടം പോലേയോ, കുട്ടികളുടെ ഇഷ്ടം പോലെയോ വേണ്ടത്?

കുട്ടികളുടെ ഇഷ്ടമനുസരിച്ച് വിവാഹം നടത്തുന്നതാണ് ഉത്തമം. അച്ഛനമ്മമാർക്ക് സമ്മതമാണെങ്കിലും കുട്ടികളുടെ സമ്മതമില്ലാതെ വിവാഹം നടത്തുന്നത് നല്ലതല്ല. പരസ്പരം സംതൃപ്തിയോടുകൂടി വിവാഹം ചെയ്യുന്ന ദമ്പതിമാർക്ക് പരസ്പര വിരോധം വളരെ കുറച്ചുമാത്രമേ ഉണ്ടാവുകയുള്ളു. സന്താനങ്ങൾ അധികം നന്നായിരിക്കുകയും ചെയ്യും. അസംതൃപ്തിയോടുകൂടി നടത്തുന്ന വിവാഹം ദുഃഖപ്രദമാവുകയേ ഉള്ളു. വിവാഹത്തിന്റെ ഫലം അനുഭവിക്കേണ്ടവർ വധൂവരന്മാരാണ്. മാതാപിതാക്കന്മാരല്ല. പരസ്പരം സ്നേഹമുണ്ടായാൽ സുഖവും വിരോധമുണ്ടായാൽ ദുഃഖവും ഭാര്യാഭർത്താക്കന്മാർക്കു മാത്രമേ ഉള്ളു. (അൻപേ ശിവം സ്നേഹമാണ് ദൈവം.)

4. ഭർത്താവ് ഭാര്യയോടും, ഭാര്യ ഭർത്താവിനോടും സ്നേഹപൂർവ്വം വർത്തിക്കുന്ന കുലത്തിൽ സുഖവും ലക്ഷ്മിയും കീർത്തിയും

നിവസിക്കുന്നു. പരസ്പരം വിരോധവും കലഹവും ഉള്ളിടത്ത് ദുഃഖവും ദാരിദ്ര്യവും ദുഷ്കീർത്തിയും കുടിയേറുന്നു. അതിനാൽ ആര്യാവർത്തത്തിൽ പരമ്പരയാ തുടർന്നുവരുന്ന സ്വയംവരരീതിയാണ് ഉത്തമം. വിവാഹിതരാകാൻ ആഗ്രഹിക്കുന്ന സ്ത്രീപുരുഷന്മാരുടെ വിദ്യ, വിനയം, സ്വഭാവം, രൂപം, വയസ്സ്, ബലം, കുലം, ശരീരത്തിന്റെ വലിപ്പം തുടങ്ങിയ എല്ലാ അംശങ്ങളും പരസ്പരം യോജിക്കണം. യോജിപ്പില്ലെങ്കിൽ വിവാഹത്തിൽ ഒട്ടും സുഖം ഉണ്ടാവുകയില്ല. അതുപോലെ ബാല്യവിവാഹവും സുഖപ്രദമല്ല.

5. സ്ത്രീയും പുരുഷനും നല്ലവണ്ണം നിശ്ചയിച്ച് ബ്രഹ്മചര്യാപൂർവ്വം വിദ്യയേയും ശിക്ഷണത്തേയും ശരീരശക്തിയേയും ആത്മബലത്തേയും സമ്പാദിച്ച്, യൗവ്വനം പ്രാപിച്ചതിനുശേഷം മാത്രമേ വിവാഹം ചെയ്കയുള്ളു. ഇതിനു വിപരീതമായ വിവാഹം വിരുദ്ധമാകയാൽ ഒരിക്കലും സുഖപ്രദമാവുകയില്ല.

## <u>പൊരുത്തം നോക്കേണ്ടത്.</u> (പുറം 88. സമ്പൂർണ്ണ ജാതക ഗണിതം)

1. സ്ത്രീക്ക് വൈധവ്യയോഗമുണ്ടോ? 2. പുരുഷന് ഭാര്യാമരണയോഗമുണ്ടോ? 3. സന്താനയോഗമുണ്ടോ? 4. സ്ത്രീജാതകത്തിൽ ജാരസംസർഗ്ഗം വിധിച്ചിട്ടുണ്ടോ? 5. ഭാര്യാഭർത്താക്കന്മാർ സ്വഭാവഗുണമുള്ളവരാണോ? 6. വിവാഹം ശോഭനമായിരിക്കുമോ? (ഗൃഹസ്ഥാശ്രമത്തിൽകഴിയുന്ന സ്ത്രീക്ക് ധർമ്മാർത്ഥകാമ മോക്ഷങ്ങൾക്ക് പൂർണ്ണമായ അർഹതയുണ്ട്. ഗൃഹസ്ഥാശ്രമം ഒന്നുകൊണ്ടു മാത്രം അവൾക്കു മുക്തി ലഭിക്കും. മാർക്കണ്ഡേയ പുരാണം)

ജീവിതം സ്ത്രീക്കും പുരുഷനും തുല്യമാണ്. പ്രപഞ്ച ജനയിത്രിയും സ്ത്രീയാണ്. സ്ത്രീയില്ലാതെ പുരുഷൻ പൂർണ്ണനാകുന്നില്ല. പുരുഷനും സ്ത്രീക്കും തുല്യസ്ഥാനം. 6 പുരുഷരാശികളും 6 സ്ത്രീരാശികളും ഉണ്ട്. നവഗ്രഹങ്ങളിലും പുരുഷസ്ത്രീ ഗ്രഹങ്ങളുണ്ട്. പാപസാമ്യം നോക്കി പൊരുത്തം നിശ്ചയിക്കുമ്പോൾ രോഗസാമ്യവും ചിന്തിക്കേണ്ടതല്ലേ?

പാണിഗ്രഹണ മുഹൂർത്തം നിശ്ചയിക്കുന്നത് ദശാനാഥന്മാർ അന്യോന്യം വൈരികളായാൽ ഭർത്താവിന് ഭാര്യയോട് പ്രാണനേക്കാൾ സ്നേഹമുണ്ടെങ്കിലും ഭാര്യയ്ക്ക് ഭർത്താവിനോട് വെറുപ്പായിരിക്കും. (അദ്ധ്യായം 68 മാർക്കണ്ഡേയ പുരാണം)

വേദാംഗമായ ജ്യോതിഷശാസ്ത്രത്തിനപ്പുറം വേദസാരമായ ജ്യോതിഷാനാം ജ്യോതിസ്സിലൂടെ ദൈവാധീനം ചിന്തിച്ച് ജാതകവശാൽ കുറവുണ്ടെങ്കിൽ കുറവു തീർക്കാൻ ദൈവീകപരിഹാരകർമ്മങ്ങൾ ചെയ്തും മനഃപൊരുത്തം നോക്കിയും വിവാഹം നടത്താവുന്നതാണ്.

ശാസ്ത്രം പഠിച്ചു നന്നായ് പ്രസംഗം ചെയ്തീടുവാ-
നത്യന്തം നിപുണന്മാരായുള്ളോരാണെന്നാലും
ഉർവ്വിയിൽ ബുദ്ധിമാനായുള്ളവൻ ഞാനെന്നുള്ള
ഗർവ്വമാർന്നെന്നും രാഗദ്വേഷദൂയിഷ്ഠന്മാരായ്
വർത്തിച്ചുകൊണ്ടീടുന്ന മർത്ത്യന്മാരെല്ലാം നല്ല-
ഗർദ്ദഭങ്ങളാണൊട്ടുമവരെ ത്തൊട്ടീടൊല്ലാ!
(ജ്ഞാനവാസിഷ്ഠം നിർവ്വാണപ്രകരണം- ദേവപൂജോപാഖ്യാനം)

എന്തെന്നാൽ എവിടേയും എന്തും ദൈവം നടത്തിയാൽ നടക്കും. ദൈവം മുടക്കിയാൽ മുടങ്ങും. ശാസ്ത്രം പരാജയപ്പെടുന്നിടത്ത് ദൈവം ജയിക്കുന്നു. അജ്ഞാനമാകുന്ന ഇരുൾ നീക്കി ജ്ഞാനമാകുന്ന പ്രകാശം നൽകി അനുഗ്രഹിക്കുന്ന മഹാത്മാവാണ് ഗുരു. ഗുരുവാക്യം വിധിയാണ്. അതിനെ ലംഘിക്കുന്നത് പാപമാകുന്നു. ആത്മബോധത്തിനും ആത്മജ്ഞാനിയായ ഗുരുവിന്നു മീതേയും ഇവിടെ യാതൊന്നുമില്ല.

(ശ്രീരാമചന്ദ്രൻ - ജ്ഞാനവാസിഷ്ഠം)

## സമ്പൂർണ്ണ ദിവ്യശക്തിയിലൂടെഭാഗ്യൈശ്വര്യം സൗഖ്യം ശാന്തി കൈവരുത്തിക്കൊടുക്കുന്നു.

**"എന്നെ പരീക്ഷിച്ച് വിശ്വസിക്കുക, അനുഭവപ്പെടുത്തിയശേഷം എന്നേയും ദൂരെത്തള്ളുക.**
**അനുഭവം തന്നെ സർവ്വശ്രേഷ്ഠം"** (വേദപ്രമാണം)

**ഓം എല്ലാം ദൈവം ! ദൈവാർപ്പണം! സത്യം ശിവം ശങ്കരം ശാന്തി !**

(ലോകമാതൃദിനം 2010 മെയ് 9 ഞായർ പ്രമാണിച്ച് ലോകനന്മായ്ക്കായി പ്രസിദ്ധപ്പെടുത്തുന്നത്. )

പുന: പ്രസിദ്ധീകരണം ... 15. ... 97